**Malayala Manorama**

**18 August 2018**

**Thiruvananthapuram, Ration Shops, Flood-hit Area, Food Grains Destroyed**



# അറുനൂറിലേറെ റേഷൻ കടകളിലെ ഭക്ഷ്യധാന്യം വെള്ളം കയറി നശിച്ചു

തിരുവനന്തപുരം ● പ്രളയബാധിത പ്രദേശങ്ങളിലെ അറുനൂറോളം റേഷൻകടകളിൽ വെള്ളം കയറി മുഴുവൻ ഭക്ഷ്യധാന്യങ്ങളും നശിച്ചു. എഫ്സിഐയിൽനിന്നുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചുവയ്ക്കുന്ന 24 ഗോഡൗണുകളിലും വെള്ളം കയറി. ഈ സാഹചര്യം നേരിടുന്നതിനെക്കുറിച്ചു മന്ത്രി തിലോത്തമൻ ഇന്നു ജില്ലാ സപ്ലൈ ഓഫിസർമാരുമായി ചർച്ച നടത്തും.

അറുനൂറോളം റേഷൻകടകളിൽ വെള്ളം കയറിയെന്ന കണക്കു വ്യാഴാഴ്ചത്തേതാണ്. ഇന്നലെയും ഒട്ടേറെ കടകൾ വെള്ളത്തിലായെന്നാണു വിവരം. പാലക്കാട്, ഇടുക്കി ജില്ലകളിൽ വെള്ളപ്പൊക്കത്തിലായ റേഷൻകടകളുടെ കണക്ക് ഇനിയും ലഭ്യമായിട്ടില്ല. പത്തനംതിട്ട ജില്ലയിലെ 199 കടകളാണു നശിച്ചത്. ആലപ്പുഴയിൽ 120, തൃശൂരിൽ 97, എറണാകുളത്ത് 50 എന്നിങ്ങനെയാണു വെള്ളത്തിനടിയിലായ റേഷൻ കടകളുടെ എണ്ണം.

റേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനു 300 ഗോഡൗണുകളാണുള്ളത്. സംസ്ഥാനത്തെ 14,450 റേഷൻ കടകളിൽ 11,329 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. വൈദ്യുതിയില്ലാത്തതിനാൽ മൂവായിരത്തോളം കടകളിൽ വിതരണമില്ല. ഇ-പോസ് മെഷീൻ വഴിയുള്ള വിതരണത്തിനു വൈദ്യുതി വേണം. ഇത്തരം കടകളെ ഇ-പോസ് നിർബന്ധിത വിതരണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലെങ്കിൽ അക്കാര്യം താലൂക്ക് സപ്ലൈ ഓഫിസറെ അറിയിക്കാൻ റേഷൻകട ഉടമകൾക്കു നിർദേശം നൽകി.